LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ല മൈനർ ഇറിഗേഷൻ വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികൾ

200 (889) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ വടക്കാഞ്ചേരി, കുന്നംകുളം സെക്ഷൻ ഓഫീസിനു കീഴിൽ വരുന്ന എരുമപ്പെട്ടി, വേലൂർ, കടങ്ങോട്, ചൊവ്വന്നൂർ, പോർകുളം, കാട്ടകാമ്പാൽ, കടവല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും കുന്നംകുളം നഗരസഭയിലും 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം ഇതുവരെ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്, പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നവയുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എരുമപ്പെട്ടി, വേലൂർ, കടങ്ങോട്, ചൊവ്വന്നൂർ, പോർകുളം, കാട്ടകാമ്പാൽ, കടവല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും കുന്നംകുളം നഗരസഭയിലും 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കടിവെള്ള പദ്ധതി

201 (890) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതിയായ UIDSSMT യുടെ കാലിക സ്ഥിതി വിശദീകരിക്കുമോ; ഏതെല്ലാം ജോലികൾ പൂർത്തീകരിക്കുവാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ശ്രീകൃഷ്ണപുരം, കരിമ്പുഴ, തച്ചനാട്ടുകര കുടിവെള്ള പദ്ധതികളുടെ കാലിക സ്ഥിതി വിശദമാക്കാമോ; എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും വിശദാംശം ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) UIDSSMT ഒറ്റപ്പാലം കുടിവെള്ള പദ്ധതിക്കായി 4-11-2009-ൽ 1800 ലക്ഷം രൂപയും 21-1-2014-ൽ 3000 ലക്ഷം രൂപയുമുള്ള പുതുക്കിയ ഭരണാനുമതിയും തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ഒഴികെയുള്ള പണി പൂർത്തീകരിച്ചു. ഈ പദ്ധതികളിൽ ഉൾപ്പെടുത്തി അസംസ്കൃത ജലവാഹിനിക്കുഴലുകൾ, ജലശുദ്ധീകരണശാല, ശുദ്ധജലവാഹിനിക്കുഴലുകൾ, റോ വാട്ടർ പമ്പ് സെറ്റുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, സോൺ I, II, III, IV എന്നിവിടങ്ങളിലേക്കുള്ള വിതരണ ശൃംഖല എന്നിവ പൂർത്തീകരിച്ചു. റോ വാട്ടർ പമ്പ് ഹൗസിലേയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് റെയിൽവേ ക്രോസ്സിംഗ് അനുമതിക്കായി കേരള വാട്ടർ അതോറിറ്റി 4710 ലക്ഷം രൂപ കെ.എസ്.ഇ.ബി.-യിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. റെയിൽവേ അനുമതി ലഭ്യമാക്കി കെ.എസ്.ഇ.ബി. വൈദ്യുതികണക്ഷൻ നൽകേണ്ടതുണ്ട്. ടി പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ഭാരതപ്പുഴയിലെ കൂട്ടിലമുക്ക് എന്ന സ്ഥലത്ത് നിർമ്മിക്കേണ്ടിയിരുന്ന തടയണ. ഈ സ്ഥലത്ത് ജലസേചന വകുപ്പ് മറ്റൊരു തടയണ നിർമ്മിക്കുന്നതിനാൽ ഈ തടയണ ആവശ്യമായി വരുന്നില്ല. ജലസേചനവകുപ്പിന്റെ തടയണയുടെ പൂർത്തീകരണത്തിന് ആവശ്യമായി വരുന്ന ബാക്കി തുക UIDSSMT പദ്ധതിയിൽ ഇതിനുവേണ്ടി ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയിൽനിന്നും ജലസേചന വകുപ്പിന് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.യു.ഡി.പി. ആണ് ഈ തുക ജലസേചന വകുപ്പിന് കൈമാറുന്നതിനുവേണ്ട നടപടി കൈക്കൊള്ളേണ്ടത്.

(ബി) ശ്രീകൃഷ്ണപുരം, കരിമ്പുഴ എന്നീ പദ്ധതികളുടെ കാലിക സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു.* തച്ചനാട്ടുകര, കോട്ടോപ്പാടം, അലനെല്ലൂർ എന്നീ മൂന്നു പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു സമഗ്ര കുടിവെള്ള പദ്ധതിയാണ് വിഭാവന ചെയ്തിരിക്കുന്നത്. ഈ കുടിവെള്ള പദ്ധതിയുടെ സർവ്വേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. തച്ചനാട്ടുകര, കോട്ടോപ്പാടം എന്നീ പഞ്ചായത്തുകളിൽനിന്നും പദ്ധതി ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കാമെന്നുള്ള തീരുമാനം കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്. അലനെല്ലൂർ പഞ്ചായത്തിന്റെയും കൂടി തീരുമാനം ലഭ്യമായാൽ ടി കുടിവെള്ള പദ്ധതിക്കായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.